# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1798** | **04.10.2016 ൽ മറുപടിയ്ക്ക്**

തിരുവമ്പാടി മണ്ഡലം - ടൂറിസം പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ് : | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| [എ] തിരുവമ്പാടി മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ തുഷാരഗിരി, വെള്ളരിമല, താമരശ്ശേരി ചുരം, മുത്തപ്പൻ പുഴ തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, റോപ്പ് വേ, കേബിൾ കാർ തുടങ്ങിയവ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | [എ] തിരുവമ്പാടി മണ്ഡലത്തിലെ തുഷാരഗിരിയിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി പാർക്കിംഗ് ഏരിയ, കഫറ്റേരിയ, ടോയ്‌ലറ്റ് ഫെസിലിറ്റി, ഇൻഫർമേഷൻ സെന്റർ എന്നിവ നിർമ്മിച്ചിട്ടുണ്ട്. താമരശ്ശേരി ചുരത്തിൽ അടിസ്ഥാന സൗകര്യത്തിന്റെ ഭാഗമായി ടേക് എ ബ്രേക്ക് പദ്ധതി സജ്ജമാക്കിയിട്ടുണ്ട്. വെള്ളരിമല, മുത്തപ്പൻപുഴ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. റോപ്പ് വേ, കേബിൾ കാർ തുടങ്ങിയവ നടപ്പിലാക്കുന്നകാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ